വ്യാപാരി ക്ഷേമനിധി ബോർഡ് മുഖാന്തിരം നൽകുന്ന ആനുകൂല്യങ്ങൾ

48 [1353] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരി ക്ഷേമനിധി ബോർഡിൽ 31-3-2004 വരെ ആകെ എത്ര അംഗങ്ങൾ ഉണ്ടെന്നും ക്ഷേമനിധി വിഹിതമായി ഒരു വ്യാപാരിയിൽ നിന്നും എന്ത് തുക വാങ്ങുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) ബോർഡ് മുഖാന്തിരം നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) 2000-01 മുതൽ 2003-04 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ഓരോ ആനുകൂല്യങ്ങൾക്കും വേണ്ടി എത്ര അപേക്ഷകൾ വീതം ലഭിച്ചു എന്നും ഇതിൽ എത്ര അപേക്ഷകൾ തള്ളിക്കളഞ്ഞു എന്നും വ്യക്തമാക്കുമോ;

(ഡി) എത്ര അപേക്ഷകർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും എന്തു തുക വീതം ഓരോ ഇനത്തിലും നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ബോർഡ് സർക്കാരിനോട് ധനസഹായം അഭ്യർത്ഥിച്ചുവെങ്കിൽ അത് എത്ര വീതമെന്നും സർക്കാർ എന്തു തുക വീതം ഓരോ വർഷവും നൽകിയെന്നും വെളിപ്പെടുത്തുമോ;

(എഫ്) ആനുകൂല്യങ്ങൾക്ക് അർഹരെന്ന് കണ്ടെത്തിയിട്ടുള്ള അപേക്ഷകർക്ക് അവ നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജി) ആനുകൂല്യങ്ങൾ നൽകേണ്ട ഇനത്തിൽ കുടിശ്ശിക എത്ര തുകയാണെന്നും ഇത് എപ്പോൾ നൽകാൻ ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യാപാരി ക്ഷേമനിധി ബോർഡിൽ മൊത്തം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ എ, ബി, സി, ഡി ക്ളാസുകളിലായി നാലു തരം അംഗത്വമാണുള്ളത്. എ-ക്ളാസ് അംഗത്വത്തിന് 2000 രൂപയും, ബി-ക്ളാസ് അംഗത്വത്തിന് 1000 രൂപയും സി-ക്ളാസ് അംഗത്വത്തിന് 400 രൂപയും, ഡി-ക്ളാസ് അംഗത്വത്തിന് 100 രൂപയുമാണ് ക്ഷേമ നിധിയിലെ അംഗത്വഫീസായി വാങ്ങുന്നത്. 31-3-2004 വരെ വ്യാപാരി ക്ഷേമനിധി ബോർഡിൽ എ, ബി, സി, ഡി ക്ളാസുകളിലായി യഥാക്രമം 2,81,519, 3,367, 61,422 അംഗങ്ങളുണ്ട്. മൊത്തം അംഗങ്ങളുടെ എണ്ണം 65,589 ആണ്. വർഷം തോറും അംഗത്വം പുതുക്കുന്നതിന് എ, ബി, സി, ഡി എന്നീ ക്ളാസുകളിലുള്ള അംഗങ്ങൾ യഥാക്രമം 1000 രൂപ, 500 രൂപ, 200 രൂപ, 50 രൂപ വീതം അടയ്ക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബോർഡിൽ നിന്നും പ്രകൃതി ക്ഷോഭം, തീപിടുത്തം, അക്രമം തുടങ്ങിയവമൂലം നഷ്ടത്തിനു വിധേയരാവുന്ന അംഗങ്ങൾക്ക് ധനസഹായം നല്കുന്നുണ്ട്. കൂടാതെ ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് താഴെ വിവരിക്കുന്ന നിരക്കിൽ ബോർഡിൽ നിന്നും മുൻഗണനാക്രമത്തിൽ സഹായം നൽകി വരുന്നു.

എ ക്ളാസ്---50,000 രൂപ

ബി ക്ളാസ്---30,000 രൂപ

സി ക്ളാസ്---20,000 രൂപ

ഡി ക്ളാസ്---10,000 രൂപ

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) 2000-04 കാലയളവിൽ 49,54,255 രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

മരണാനന്തര ആനുകൂല്യം	---	49,21,926 രൂപ
അപകടം	---	500 രൂപ
തീപിടുത്തം	---	1,000 രൂപ
ചികിത്സ	---	25,829 രൂപ

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ബോർഡ് സർക്കാരിനോട് 1.10 കോടി രൂപയുടെ ധനസഹായം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 1992-ൽ 25 ലക്ഷം രൂപയുടെ ധനസഹായം നൽകിയതിനുശേഷം സർക്കാർ ധനസഹായമൊന്നും നൽകിയിട്ടില്ല.

(എഫ്) ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ലാത്തതിനാലാണ് യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാതെ വന്നിരിക്കുന്നത്.

(ജി) ആനുകൂല്യങ്ങൾ നൽകേണ്ടയിനത്തിൽ ഏകദേശം 1.10 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ്.

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[8-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 48 (1353) കാണുക.]

വർഷം	ആകെ ലഭിച്ച അപേക്ഷകൾ	മരണാനന്തര സഹായത്തിന്	മറ്റ് അനുകൂല്യങ്ങൾക്ക്	തള്ളിക്കളഞ്ഞ അപേക്ഷകൾ
2000-01	315	276	39	12
2001-02	336	275	61	6
2002-03	174	158	18	6
2003-04	199	182	17	10

അനുബന്ധം V

[8-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (1401) കാണുക.]

സംസ്ഥാനത്തുള്ള എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	ജില്ല	താലൂക്ക്	എണ്ണം	ആകെ എണ്ണം
(1)	(2)	(3)	(4)	(5)
1	തിരുവനന്തപുരം	തിരുവനന്തപുരം	15	
		നെയ്യാറ്റിൻകര	26	
		ചിറയിൻകീഴ്	16	93
		നെടുമങ്ങാട്	36	
2	കൊല്ലം	കൊല്ലം	22	
		കൊട്ടാരക്കര	19	
		കരുനാഗപ്പള്ളി	10	68
		പത്തനാപുരം	10	
		ശാസ്താംകോട്ട	7	
3	ആലപ്പുഴ	കുട്ടനാട്	9	
		ചേർത്തല	21	
		അമ്പലപ്പുഴ	9	
		കാർത്തികപ്പള്ളി	13	73
		മാവേലിക്കര	14	
		ചെങ്ങന്നൂർ	7	
4	പത്തനംതിട്ട	കോഴഞ്ചേരി	10	
		റാന്നി	8	
		അടൂർ	12	43
		തിരുവല്ല	8	
		മല്ലപ്പള്ളി	5	
5	ഇടുക്കി	തൊടുപുഴ	9	
		ഉടുമ്പൻചോല	9	31
		പീരുമേട്	7	
		ദേവികുളം	6	

LIBRARY ARCHIVES Kerala Legislative Assembly